മാവേലി സ്റ്റോറുകളും ലാഭം സ്റ്റോറുകളും

297 [1184] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
„ ജോസഫ് എം. പുതുശ്ശേരി:
„ സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ;

(ബി) ഈ കുടുംബങ്ങൾക്ക് എന്തൊക്കെ സൗജന്യങ്ങളാണ് പൊതുവിതരണ കേന്ദ്രങ്ങൾവഴി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും മാവേലിസ്റ്റോറുകളോ ലാഭം സ്റ്റോറുകളോ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതൊക്കെ ഗ്രാമങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ ഗ്രാമകേന്ദ്രങ്ങളിലും പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1-6-2005-ലെ കണക്കുപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെ 20,42,927 കുടുംബങ്ങൾക്ക് ബി. പി. എൽ. റേഷൻകാർഡ് നൽകിയിട്ടുണ്ട്.

(ബി) ഈ കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ പ്രതിമാസം 35 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുണ്ട്. ഇതിൽ 75% അരി കി.ഗ്രാമിന് 6 രൂപ 20 പൈസ നിരക്കിലും 25% ഗോതമ്പ് കി. ഗ്രാമിന് 4 രൂപ 70 പൈസ നിരക്കിലും വിതരണം ചെയ്തുവരുന്നു. ബി.പി.എൽ. കുടുംബാംഗങ്ങൾക്ക് ഓരോരുത്തർക്കും 400 ഗ്രാം പഞ്ചസാര കി. ഗ്രാമിന് 13 രൂപ 50 പൈസയ്ക്ക് നൽകുന്നു. കൂടാതെ, ബി.പി.എൽ. കുടുംബങ്ങളിൽതന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 35 കി.ഗ്രാം അരി കി.ഗ്രാമിന് 3 രൂപ നിരക്കിൽ നൽകുവരുന്നു.

(സി) ഇല്ല.

(ഡി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത 161 പഞ്ചായത്തുകൾ ഉണ്ട്. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly